# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

**(സാന്നിധ്യം. ജീവൻ ബാബു കെ , ഐ എ എസ് )**

വിഷയം :- പൊതുവിദ്യാഭ്യാസം - ഉച്ചഭക്ഷണ പദ്ധതി - പാചകത്തൊഴിലാളികളുടെ 2022 ജൂലൈ മാസത്തെ വേതനം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 17.06.2021 തീയതിയിലെ G.O(Rt)No.3046/2021/GEDN നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ് നമ്പർ എൻ.എം.എ 3/10257/2022/ഡി.ജി.ഇ തീയതി : 01/08/2022**

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആകെ 13766 പാചകത്തൊഴിലാളികളാണ് ജോലി ചെയ്ത് വരുന്നു.കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ പ്രകാരം പ്രതിമാസം 1000 രൂപയാണ് ടി ജീവനക്കാരുടെ വേതനം ഇതിൽ 600 രൂപ കേന്ദ്ര വിഹിതവും 400 രൂപ സംസ്ഥാന വിഹിതവുമാണ്.എന്നാൽ സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കുറഞ്ഞ പ്രതിദിന വേതനം 600 രൂപയും കൂടിയ പ്രതിദിന വേതനം 675 രൂപയുമാണ്.

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി ജോലി ചെയ്ത് വരുന്ന 13766 പാചകത്തൊഴിലാളികൾക്ക് 2022 ജൂലൈ മാസത്തെ വേതനം നൽകുന്നതിനായി **17,89,58,000/- (പതിനേഴ് കോടി എൺപത്തിയോൻപത് ലക്ഷത്തി അൻപത്തിയെട്ടായിരം രൂപ)** രൂപ ചെലവ് വരുമെന്ന കണക്കാക്കിയിട്ടുണ്ട്.ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടിൽ നിന്നും മേൽ തുക ഇതിനാൽ അനുവദിച്ച് ഉത്തരവാകുന്നു.ചുവടെ നൽകിയിരിക്കുന്ന പട്ടിക പ്രകരമുള്ള തുക വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് CCH Honourarium എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ലിമിറ്റ് ആയി ഫിക്സ് ചെയ്യുന്നതിനുള്ള നടപടികൾ ഈ കാര്യാലയത്തിലെ ഡാറ്റ ഓപ്പറേറ്റർ , ഡാറ്റ അപ്പ്രൂവർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

| Sl.No | DISTRICT | AMOUNT |
|---|---|---|
| 1 | TRIVANDRUM | 13403000 |
| 2 | KOLLAM | 12181000 |
| 3 | PATHANAMTHITTA | 9048000 |
| 4 | ALAPPUZHA | 10192000 |
| 5 | KOTTAYAM | 11804000 |
| 6 | IDUKKI | 7293000 |
| 7 | ERANAKULAM | 13364000 |
| 8 | THRISSUR | 13871000 |
| 9 | PALAKKAD | 14404000 |
| 10 | MALAPPURAM | 23517000 |
| 11 | KOZHIKODE | 18252000 |

| | | |
|---|---|---|
| 12 | WAYANAD | 4953000 |
| 13 | KANNUR | 18213000 |
| 14 | KASARAGOD | 8463000 |
| **TOTAL** | | **178958000** |

വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പട്ടിക പ്രകാരമുള്ള തുകയ്ക്കുള്ള limit ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് ഫിക്സ് ചെയ്ത് നൽകേണ്ടതാണ് .പാചകത്തൊഴിലാളികൾക്കുള്ള അനുവദനീയ തുക കണക്കാക്കി ആയത് അവരവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

ഈ ചെലവിനം ഉച്ചഭക്ഷണ പദ്ധതിയുടെ CCH Honourarium എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു.

Signature Not Verified
Digitally signed by JEEVAN BABU K IAS
Date: 2022.08.01 11:55:08 IST
Reason: Approved

**ജീവൻ ബാബു കെ , ഐ എ എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ് :

1. വിദ്യാഭ്യാസ ഉപഡയറക്ടർമാർ
2. ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ